LIBRARY ARCHIVES Kerala Legislative Assembly

### കൃഷി ഭവനുകളുടെ പ്രവർത്തനം

72(2792) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി ഓഫീസർ, കൃഷി അസിസ്റ്റന്റ് എന്നിവർ ഓഫീസ് ജോലികളിൽ വ്യാപൃതരാകേണ്ടി വരുന്നതിനാൽ ഫീൽഡുതല പ്രവർത്തനങ്ങളിൽ വീഴ്ചവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല. ഓഫീസ് ജോലികളോടൊപ്പം ഫീൽഡുതല പ്രവർത്തനങ്ങളുടെ ചുമതലയും കൃഷി ഓഫീസർ, കൃഷി അസിസ്റ്റന്റ് എന്നിവർ നിർവ്വഹിക്കുന്നതിന്റെ പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കൃഷി ഭവനുകളുടെ സുഗമമായ പ്രവർത്തനത്തിന് എല്ലാ കൃഷി ഭവനുകളിലും ക്ലറിക്കൽ തസ്തികകൾ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

പുനർവിന്യാസം സംബന്ധിച്ച് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് പഠനം നടത്തുന്നുണ്ട്. റിപ്പോർട്ട് സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ഈ വിഷയം പരിശോധിക്കുന്നതാണ്.

(സി) കൃഷി ഉദ്യോഗസ്ഥർ ഫീൽഡുതല പ്രവർത്തനങ്ങൾ ഫീൽഡ് ഡയറിയിൽ രേഖപ്പെടുത്തുന്നതിനും ആയത് യഥാസമയം മേലുദ്യോഗസ്ഥർ പരിശോധിക്കുന്നതിനും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

കൃഷി ഉദ്യോഗസ്ഥർ ഫീൽഡുതല പ്രവർത്തനങ്ങൾ ഫീൽഡ് ഡയറിയിൽ രേഖപ്പെടുത്തുന്നതിനും ആയത് യഥാസമയം മേലുദ്യോഗസ്ഥർ പരിശോധിക്കുന്നതിനും നിലവിൽ മാർഗ്ഗനിർദ്ദേശങ്ങളുണ്ട്.

### കൃഷി അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിലെ നിയമനം

73(2793) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 446/2016 പി.എസ്.സി. വിജ്ഞാപനപ്രകാരം 22-12-20-ൽ പ്രസിദ്ധീകരിച്ച കൃഷി അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയുടെ റാങ്ക് ലിസ്റ്റ്-I ൽ പൂജ്യം മാർക്ക് ലഭിച്ച ബി.എസ്.സി. അഗ്രികൾച്ചർ സയൻസ് ഉദ്യോഗാർത്ഥികൾ ഉൾപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കൃഷി അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയുടെ റാങ്ക് ലിസ്റ്റ്-I ൽ പൂജ്യം മാർക്ക് വാങ്ങിയവർ ഉൾപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) വി.എച്ച്.എസ്.സി. അഗ്രികൾച്ചർ ഡിപ്ലോമ കഴിഞ്ഞവർക്ക് കൃഷി അസിസ്റ്റന്റ് ഗ്രേഡ് II അല്ലാതെ മറ്റ് തസ്തികകളിൽ അപേക്ഷിക്കാൻ യോഗ്യതയില്ലെന്നിരിക്കെ, ബി.എസ്.സി. അഗ്രികൾച്ചർ യോഗ്യതയുള്ളവർക്കും വി.എച്ച്.എസ്.സി. അഗ്രികൾച്ചർ ഡിപ്ലോമക്കാർക്കും ഒരേ പരീക്ഷ നടത്തുകയും അതിൽ ഡിപ്ലോമക്കാർക്ക് കട്ട് ഓഫ് മാർക്ക് തീരുമാനിക്കുകയും എന്നാൽ ബി.എസ്.സി. അഗ്രികൾച്ചർ വിഭാഗക്കാർക്ക് കട്ട് ഓഫ് മാർക്ക് ഒന്നുമില്ലാതെ, പൂജ്യം മാർക്ക് നേടിയവർക്കുപോലും റാങ്ക് ലിസ്റ്റിൽ ഉൾപ്പെടാൻ സാധിച്ചുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത അപാകത പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി & സി) കാർഷിക വികസന കർഷകക്ഷേമ വകുപ്പിൽ അഗ്രികൾച്ചർ അസിസ്റ്റന്റ് ഗ്രേഡ് 2 (കാറ്റഗറി നമ്പർ 444/2016) തസ്തികയുടെ ലിസ്റ്റ് I ലിസ്റ്റ് II എന്നീ രണ്ട് വിഭാഗങ്ങളായാണ് റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചിട്ടുള്ളത്. ടി തസ്തികയുടെ ചുവടെ ചേർത്തിട്ടുള്ള യോഗ്യതകളിൽ A(1) ആയി ചേർത്തിട്ടുള്ള യോഗ്യതയുള്ളവരെ ലിസ്റ്റ് ഒന്നിലും ശേഷിക്കുന്ന യോഗ്യതയുള്ളവരെ ലിസ്റ്റ് രണ്ടിലും ഉൾപ്പെടുത്തിയിരിക്കുന്നു. ലിസ്റ്റ് ഒന്നിലെ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ലിസ്റ്റ് രണ്ടിലെ ഉദ്യോഗാർത്ഥികളെ പരിഗണിക്കുന്നതാണ്. ചുവടെ ചേർക്കുന്ന A(1) യോഗ്യതയുടെ Rule 10 a (ii) (KS&SSR) പ്രകാരമുള്ള യോഗ്യതയുള്ളവരെയും ടി റാങ്ക് പട്ടികയുടെ ലിസ്റ്റ് I-ൽ പരിഗണിച്ചിട്ടുണ്ട്. വിജ്ഞാപന വ്യവസ്ഥകൾ പാലിച്ചുകൊണ്ടാണ് റാങ്ക് പട്ടിക തയ്യാറാക്കിയിട്ടുള്ളത്. വിജ്ഞാപന പ്രകാരമുള്ള ടി തസ്തികയുടെ യോഗ്യതകൾ ചുവടെ ചേർക്കുന്നു:

A(1) കേരള കാർഷിക സർവകലാശാലയിൽനിന്നും നൽകപ്പെടുന്ന കൃഷിശാസ്ത്രത്തിലുള്ള ഡിപ്ലോമയോ തത്തുല്യമായ യോഗ്യതയോ. മുകളിൽ വിവരിച്ച യോഗ്യതയുള്ളവരുടെ അഭാവത്തിൽ

(2) അഗ്രിക്കൾച്ചറിലുള്ള വൊക്കേഷണൽ ഹയർ സെക്കണ്ടറി സർട്ടിഫിക്കറ്റ് ഒന്നും രണ്ടും ഖണ്ഡികകളിലുള്ള യോഗ്യതയുള്ളവരുടെ അഭാവത്തിൽ

(3) കൃഷി മുഖ്യ വിഷയമായിട്ടുള്ള എസ്.എസ്.എൽ.സി.-യോ തത്തുല്യ യോഗ്യതയോ അല്ലെങ്കിൽ എസ്.എസ്.എൽ.സി.-യോ തത്തുല്യമായ യോഗ്യതയും കൃഷിയിൽ അംഗീകൃത പരിശീലനവും. അല്ലെങ്കിൽ കൃഷി ഐച്ഛിക വിഷയമായി ഉൾപ്പെടുത്തിക്കൊണ്ടുള്ള ബേസിക് സ്കൂൾ ലിവിംഗ് സർട്ടിഫിക്കറ്റ്.

LIBRARY ARCHIVES Kerala Legislative Assembly